(ഡി) ഈ ജോലി അടിയന്തിരമായി ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കുവാൻ വേണ്ട നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ചും മുൻഗണനാക്രമത്തിൽ മെറ്റീരിയൽസിന്റെ ലഭ്യതയനുസരിച്ചും ജോലികൾ പൂർത്തിയാക്കുന്നതാണ്.

എൽപാസോ കമ്പനി പ്രസിഡന്റിന്റെ സന്ദർശനം

89(305) ശ്രീ. കെ. സുധാകരൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ പവ്വർ പ്രോജക്ട് നിർമ്മാണവുമായി സഹകരിച്ച് പ്രവർത്തിക്കാമെന്നേറ്റിരുന്ന എൽപാസോ എന്ന അമേരിക്കൻ കമ്പനിയുടെ പ്രസിഡന്റ് 2000 മാർച്ചിൽ വൈദ്യുതി മന്ത്രിയെ കാണുവാൻ താൽപ്പര്യം പ്രകടിപ്പിച്ചിരുന്നുവോ ;

(ബി) എങ്കിൽ വൈദ്യുതി വകുപ്പുമന്ത്രി അതിന് അനുമതി നൽകിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

അയിരൂർ ഇലക്ട്രിക്കൽ സെക്ഷൻ

90(306) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ അയിരൂർ ഇലക്ട്രിക്കൽ സെക്ഷനിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ വിശദ വിവരം അറിയിക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സെക്ഷനിൽ നിന്നും 2000 ജൂൺ 30 വരെ അപേക്ഷ നൽകിയിട്ടുള്ള എത്ര ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly